I/63950/2023

**തദ്ദേശസ്വയംഭരണ വകുപ്പ്**
**ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം,**
**പ്ലാനിംഗ് വിഭാഗം.**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം, പ്ലാനിംഗ് വിഭാഗം - പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ വില്ലേജിൽ, LPG ഗ്യാസ് ഗോഡൗൺ നിർമിക്കുന്നതിന് - കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- Smt. Soumya P. യുടെ 31.07.2023-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ : LSGD/JD/TVM/2932/2023-P1 തീയതി26-08-2023**

പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പള്ളിക്കൽ വില്ലേജിൽ റീ-സർവ്വേ നമ്പർ 1/2-A, 1/3-A എന്നിവയിൽ ഉൾപ്പെട്ടതും ശ്രീ. K. J. സന്തോഷ് കുമാറിൻറെ ഉടമസ്ഥതയിലുള്ളതുമായ 73.65 Are വസ്തുവിൽ ഉൾപ്പെട്ട 9 .90 Are സ്ഥലത്ത് ലീസ് എഗ്രിമെന്റ് പ്രകാരം ആകെ 111.75 Sq.m built-up area (Gas godown = 98.95 Sq.m, watch cabin / toilet block = 12.80 Sq.m) ഉള്ളതും hazardous ഗണത്തിൽ ഉൾപ്പെട്ടതുമായ LPG ഗ്യാസ് ഗോഡൗൺ നിർമ്മാണനുമതിയ്ക്കായി ശ്രീമതി. സൗമ്യ P., സൂചന പ്രകാരം ഈ ഓഫീസിൽ നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ KPBR 2019 Rule 30, Table 11 പ്രകാരം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും താഴെ വിവരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 5(6)(1)(a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.
2. നിർമ്മാണസ്ഥലത്തിൻറെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
3. സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേ ജിനുള്ള നിയമാനുസൃത സൗകര്യം നല്കിയിരിക്കണം.
4. KPBR-2019 ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, Fire force തുടങ്ങിയ എജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. KPBR-2019, ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്ത് Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികാരികളിൽ നിന്നും NOC ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
6. KPBR -2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിൻറെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ട താണ്.
7. KPBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന

I/63950/2023

സംവിധാനം നൽകിയിട്ടു ണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

8. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനുചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
9. നിർദ്ദിഷ്ടനിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
10. അപേക്ഷ പ്രകാരം ലഭ്യമായിട്ടുള്ള proposed security cabin ബ്ലോക്കിനു KPBR-2019 ചട്ടം 33 പ്രകാരമുള്ള മിനിമം 3 മീറ്റർ room height ലഭ്യമാക്കേണ്ടതാണ് .
11. ലേഔട്ട് അപേക്ഷ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെ, പ്ലോട്ടിനുള്ളിൽ മറ്റു കെട്ടിട നിർമ്മാണങ്ങളോ കൂട്ടി ചേർക്കലുകളോ നടത്തിയിട്ടില്ല എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ് .
12. അപേക്ഷ പ്രകാരം, പ്ലോട്ടിലേക്കു സഞ്ചാര സ്വാതന്ത്ര്യം നൽകുന്ന 7 മീറ്റർ വീതിയുള്ള internal road ന്റെ നടപ്പവകാശവും, അതുമായി ബന്ധപ്പെട്ട രേഖകളുടെ ആധികാരികതയും പരിശോധിച്ച് അവ ശരിയാണെന്നു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച ലേ-ഔട്ട് പ്ലാൻ, നമ്പർ:35/2023, (ഒരു സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

**ANJU W C**
**TOWN PLANNER (i/c)**

ഉള്ളടക്കം: പ്ലാൻ ഒരു സെറ്റ്

സ്വീകർത്താവ്

സെക്രട്ടറി,
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്.

പകർപ്പ്: 1) (അറിവിലേയ്ക്കായി)
Smt. Soumya P.
Vattalakki, Kottathara P.O.
Muttathukad, Palakkad 678581

2) കരുതൽ ഫയൽ

3) ഫയൽ.